<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1911</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>വെറ്ററിനറി ആംബുലൻസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിള്‍ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം മൃഗാശുപത്രികൾക്കാണ് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | മൃഗാശുപത്രികൾക്ക് മാത്രമായി വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ RKI പദ്ധതി പ്രകാരം 2 മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ എറണാകുളം, കണ്ണൂർ ജില്ലകൾക്കും, RKVY പദ്ധതി പ്രകാരം ഓരോ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ, പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്കും അനുവദിച്ചിട്ടുണ്ട്. ടി വാഹനങ്ങൾ അതാത് ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതും, ടി വാഹനങ്ങളുടെ ചുമതല അതാത് ജില്ലാ ചീഫ് വെറ്ററിനറി ഓഫീസിൽ നിക്ഷിപ്തമായിട്ടുള്ളതുമാണ്. |
| (ബി) | എല്ലാ മൃഗാശുപത്രികളിലും വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആംബുലൻസുകൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം വീട്ട് പടിക്കൽ സേവനം ലഭ്യമാക്കുന്നതിനും ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 12 മൊബൈൽ ടെലി സർജറി യൂണിറ്റ് ജില്ലകളിലെ വിവിധ ഇടങ്ങളിൽ തുടങ്ങുവാൻ ആവശ്യമായ വാഹനവും അതിലേക്കുള്ള ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.<br><br>മൃഗസംരക്ഷണ മേഖലയിൽ നൂതന പരിശോധന രീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗ ചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുമുറ്റത്ത് എത്തിക്കുക എന്ന ഉദ്ദേശത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റ് ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. ഏറ്റവും അടുത്തുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റ് വഴി കർഷകന് സേവനം നൽകുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രവർത്തനത്തിന് ഓരോ യൂണിറ്റിലും വെറ്ററിനറി സർജൻ, പാരാ വെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരുടെ സേവനം ലഭ്യമാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ